**പതിമൂന്നാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2429**      **08.07.2015** ലെ മറുപടിക്ക്

## <u>പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II നിയമനം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ ബാലൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിലെ നിലവിലുള്ള സ്പെഷ്യൽ റൂൾ പ്രകാരം പട്ടികജാതി വികസന ഓഫീസർ ഗ്രേഡ് II തസ്തികയിൽ നേരിട്ടുള്ള നിയമനം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര ശതമാനമാണ് നേരിട്ടുള്ള നിയമനം; ആയതിൻ പ്രകാരം ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എന്നാണ് അവസാനമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്തത്; എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. 50% ആണ് നേരിട്ടുള്ള നിയമനം. ഉണ്ട്, 07.03.2014 ന് മൂന്ന് എൻ.ജെ.ഡി ഒഴിവുകളാണ് അവസാനമായി റിപ്പോർട്ട് ചെയ്തത്. |
| (ബി) | എത്ര പേരെ നിയമനത്തിനായി പി.എസ്.സി ശിപാർശ ചെയ്തു; എന്നാണ് ശിപാർശ ലഭിച്ചത് ; എല്ലാപേർക്കും നിയമനം നൽകിയോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | 28 പേരെ. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും 31.12.2012 ന് പതിനാല് പേരെയും 21.04.2014 ന് മൂന്ന് പേരെയും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്യുകയും ഇവർക്ക് നിയമനം നല്കുകയും ചെയ്തിട്ടുണ്ട്.<br>16.06.2014 ന് പി.എസ്.സി അഡ്വൈസ് ചെയ്ത 11 ഉദ്യോഗാർത്ഥികൾക്ക് നിയമനം നല്കിയിട്ടില്ല.<br>എന്നാൽ നിയമനം ലഭിക്കാതിരുന്ന 11 ഉദ്യോഗാർത്ഥികൾക്ക് ഉടനെ നിയമനം നല്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സ്പെഷ്യൽ റൂളിൽ മാറ്റം വരുത്താൻ വകുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ നടപടികൾ ഏതുവരെയായെന്ന് വ്യക്തമാക്കുമോ? | (സി) | സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തുന്നതിന് തത്ത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. ആയതിനുള്ള നടപടിക്രമങ്ങൾ പ്രകാരം കരട് ഭേദഗതി ചട്ടങ്ങൾ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സൂക്ഷ്മ പരിശോധനക്ക ശേഷം വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ചട്ടപ്രകാരം മേൽ പരിശോധനകൾ നടത്തി തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ